2026
FEBRUARY
17
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഐടി മേഖലയിൽ 5 ലക്ഷം ഉന്നത തൊഴിലവസരങ്ങൾ; കർമ്മപദ്ധതിയുമായി സർക്കാർ

**കൊച്ചി:** സംസ്ഥാനത്തെ ഐടി, സാങ്കേതിക മേഖലയിൽ 5 ലക്ഷം ഉന്നത തൊഴിലവസരങ്ങൾ ലക്ഷ്യമിട്ട് വിപുലമായ കർമ്മപദ്ധതി തയാറാക്കുമെന്ന് സംസ്ഥാന ഇലക്ട്രോണിക്സ് ആന്റ് ഐ ടി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സീറാം സാമ്പശിവ റാവു. സമഗ്ര വളർച്ചയിലൂടെ 2031 ൽ കേരളത്തെ ആഗോള ടെക്നോളജി ഹബ്ബ് ആയി ഉയർത്തും. വിഷൻ 2031 അന്താരാഷ്ട്ര കോൺഫറൻസിന്റെ ഭാഗമായി 'ഇൻഫർമേഷൻ ടെക്നോളജി – കൃത്രിമ ബുദ്ധിയുടെ യുഗത്തിലെ ഡിജിറ്റൽ വിപ്ലവം' എന്ന വിഷയത്തിൽ തിരുവനന്തപുരം ഹയാത്ത് റീജൻസി ഹോട്ടലിൽ നടന്ന സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നിലവിൽ ഐ ടി, ടെക് മേഖലയിൽ 1.54 ലക്ഷം തൊഴിലവസരങ്ങളാണ് ഉള്ളത്. ഇത് അഞ്ച് ലക്ഷമായി വർധിപ്പിക്കും. സംസ്ഥാനത്തെ ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകളുടെ എണ്ണം നിലവിലെ 40ൽ നിന്ന് 120 മുതൽ 200 വരെ ഉയർത്തും. ഈ വളർച്ചയ്ക്ക് പിന്തുണ നൽകുന്നതിനായി 30 ദശലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള നെക്സ്റ്റ് ജനറേഷൻ ടെക് തൊഴിലിടങ്ങൾ സൃഷ്ടിക്കും. സ്വകാര്യ ഐ.ടി. പാർക്കുകളുടെ വികസനം വേഗത്തിലാക്കുന്നതിനും സർക്കാർ മുൻഗണന നൽകും. എഐ, സെമിക്കണ്ടക്ടർ നിർമ്മാണം, ഡീപ് ടെക് തുടങ്ങിയ വളർന്ന് വരുന്ന സാങ്കേതിക മേഖലകളിൽ നേതൃസ്ഥാനമുറപ്പിക്കാനും കേരളത്തെ സെമിക്കണ്ടക്ടർ ഡിസൈൻ, അഡ്വാൻസ്ഡ് ഇലക്ട്രോണിക്സ് മേഖലകളിലെ കേന്ദ്രമാക്കി മാറ്റാനും പദ്ധതിയുണ്ട്. രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകളുടെ എണ്ണം 7,800ൽ നിന്ന് 20,000ലേക്ക് ഉയർത്തും. ഇതിൽ 100 ഡീപ് ടെക് സ്റ്റാർട്ടപ്പുകളും 10 പുതിയ യൂണികോൺ സംരംഭങ്ങളും ആരംഭിക്കും. സ്റ്റാർട്ടപ്പുകളുടെ വിപുലീകരണത്തിന ആവശ്യമായ ധനസഹായ സംവിധാനവും ശക്തിപ്പെടുത്തും. പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് എഐ മിഷൻ, എമർജിംഗ് ടെക്നോളജി മിഷൻ, സെമികണ്ടക്ടർ മിഷൻ എന്നീ പുതിയ മിഷനുകൾ ആരംഭിക്കും. നിക്ഷേപ ആകർഷണത്തിനും വിപണനത്തിനുമായി ഫ്യൂച്ചർ കോർപ്പറേഷൻ എന്ന പുതിയ സ്ഥാപനത്തിന്റെ സാധ്യതയും പരിശോധിക്കും. സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി ഭൂമിയുടെ ലഭ്യത ഉറപ്പാക്കി പ്ലഗ് ആൻഡ് പ്ലേ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കും. നിയന്ത്രണ നടപടികൾ ലഘൂകരിക്കുന്നതിനായി ഗ്രീൻ ചാനൽ സംവിധാനം ഏർപ്പെടുത്തും. വ്യവസായ ആവശ്യങ്ങൾക്ക് അനുയോജ്യമായി സർവകലാശാലാ പാഠ്യപദ്ധതികൾ പരിഷ്കരിക്കുകയും വിദ്യാർത്ഥികൾക്കായി പരമ്പരാഗത മേഖലകളും നവീന സാങ്കേതികവിദ്യകളും സംയോജിപ്പിച്ച് ഗവേഷണവും നവീകരണവും ശക്തിപ്പെടുത്തുന്നതിനായി ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കും. സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് നിയമ നടപടികൾ ലളിതമാക്കുകയും ടെക് അടിസ്ഥാനസൗകര്യ വികസനത്തിൽ സ്വകാര്യ പങ്കാളിത്തം വർധിപ്പിക്കുകയും ചെയ്യും. ആഗോള സാങ്കേതിക രംഗത്ത് കൃത്രിമ ബുദ്ധി സോഫ്റ്റ്‌വെയർ വികസനം, ഉൽപ്പാദനക്ഷമത എന്നിവയിൽ വലിയ മാറ്റങ്ങളുണ്ടാവുന്ന സാഹചര്യത്തിൽ ബൗദ്ധിക സ്വത്തവകാശ സൃഷ്ടിയും ഗവേഷണത്തിന്റെ വ്യാപാരവൽക്കരണവും ശക്തിപ്പെടുത്തും.

ഭരണനിർവഹണ രംഗത്ത് സമഗ്ര ഡിജിറ്റൽ പരിവർത്തനം നടപ്പാക്കുന്നതിന് കൂടുതൽ പ്രാധാന്യം നൽകും. പഴയ സംവിധാനങ്ങൾക്ക് പകരം ഏകീകൃത ഡിജിറ്റൽ ഗവൺമെന്റ് ആർക്കിടെക്ചർ രൂപപ്പെടുത്തും. ഇതിന്റെ ഭാഗമായി 'നമ്മുടെ കേരളം' മൊബൈൽ ആപ്ലിക്കേഷൻ സൊല്യൂഷൻ ഉടൻ പ്രവർത്തന സജ്ജമാകുമെന്നും സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

## ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ് 18 ന്

**കൊച്ചി:** ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ് 18 ന് രാവിലെ 11 മുതൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. കമ്മീഷൻ അംഗം പി. റോസ ഹർജികൾ പരിഗണിക്കും.

സിറ്റിംഗിൽ നിലവിലുള്ള പരാതികൾ പരിഗണിക്കുന്നതോടൊപ്പം പുതിയ പരാതികൾ സ്വീകരിക്കും. സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളായ മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, ജൈന, പാഴ്സി വിഭാഗങ്ങളിൽപ്പെട്ടവരുടെ പരാതികൾക്ക് പരിഹാരം കാണാൻ കമ്മീഷനെ സമീപിക്കാം. പരാതികൾ കമ്മീഷന് നേരിട്ടോ , തപാൽ മുഖേനയോ, kscminorities@gmail.com എന്ന മെയിൽ വിലാസത്തിലോ, 9746515133 എന്ന വാട്ട്സ് ആപ്പ് നമ്പറിൽ സമർപ്പിക്കാവുന്നതാണ്.


# കേരളം ആഗോള ഇടത്തരം രാജ്യങ്ങളുടെ വരുമാന നിലവാരത്തിലേക്ക്: സിഐഐ യോഗത്തിൽ മുഖ്യമന്ത്രി

**തിരുവനന്തപുരം:** ലോകത്തെ മുൻനിര ഇടത്തരം വരുമാന രാജ്യങ്ങളുടേതിന് തുല്യമായ സാമ്പത്തിക നിലവാരം കൈവരിക്കുന്നതിനുള്ള പാതയിലാണ് കേരളമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കോവളത്ത് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ) സതേൺ റീജിയണൽ കൗൺസിലിന്റെ ആറാമത് യോഗത്തിൽ വ്യവസായികളുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം. നീതി, അന്തസ്സ്, അവസരങ്ങൾ എന്നിവ വ്യാപിപ്പിച്ചുകൊണ്ട്, കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ, ഉന്നതതലങ്ങളിലേക്ക് എത്തിക്കാൻ, സർക്കാർ അടിത്തറ പാകിക്കഴിഞ്ഞു. വിദ്യാഭ്യാസം, ആരോഗ്യം, ഭക്ഷ്യസുരക്ഷ, പാർപ്പിടം, സാമൂഹിക സംരക്ഷണം, തദ്ദേശ സ്വയംഭരണം എന്നിവയിൽ നടത്തിയ സുസ്ഥിരമായ നിക്ഷേപങ്ങളിലൂടെ, നൈപുണ്യവും ആത്മവിശ്വാസവും അന്തസ്സുമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കാനായെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കഴിഞ്ഞ പത്ത് വർഷത്തിനിടെ, ഏഴായിരത്തി അഞ്ഞൂറിലധികം സ്റ്റാർട്ടപ്പുകൾ കേരളത്തിൽ ആരംഭിച്ചു. രണ്ട് ലക്ഷം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങൾ ആകർഷിച്ച 'ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025' വൻ വിജയമായിരുന്നു. ഇതിൽ വലിയൊരു ഭാഗം ഇതിനകം നടപ്പാക്കി തുടങ്ങി.

ഈ വ!ർഷം ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിൽ, 1.18 ലക്ഷം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങൾ കേരളം സ്വന്തമാക്കിയതായും മുഖ്യമന്ത്രി അറിയിച്ചു. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ, 3,500 ഏക്കറിലധികം വരുന്ന വ്യവസായ പാർക്കുകൾ വികസിപ്പിച്ചു. അവയുടെ നിർമ്മാണം പൂർത്തിയായി വരികയാണ്. മെഡിക്കൽ ഉപകരണ നിർമ്മാണ മേഖലയിൽ ഇന്ത്യൻ വിഹിതത്തിന്റെ 42 ശതമാനവും കൈകാര്യം ചെയ്യുന്ന മുൻനിര ഹബ്ബായി കേരളം മാറിക്കൊണ്ടിരിക്കുകയാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ചടങ്ങിൽ കേരളത്തെക്കുറിച്ചുള്ള 'സിഐഐ ഹാൻഡ്ബുക്ക്' മുഖ്യമന്ത്രി പ്രകാശനം ചെയ്തു.

പ്രതിരോധ ഇടനാഴിയിലും, അപൂർവ്വ മൂലകങ്ങളുടെ ഖനനവുമായി ബന്ധപ്പെട്ടുമുള്ള അവസരങ്ങളെ കുറിച്ച് ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക് വിശദീകരിച്ചു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ തന്ത്രപ്രധാനമായ സാധ്യതകളെക്കുറിച്ച് സംസാരിച്ച അദ്ദേഹം, ശുചിത്വമുള്ള നഗരങ്ങളും, വായുഗുണ നിലവാരവും, കേരളത്തിന്റെ നിക്ഷേപ സൗഹൃദ അന്തരീക്ഷത്തിന്, മാറ്റുകൂട്ടുന്നതായും വ്യക്തമാക്കി. നൈപുണ്യവും അറിവും അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്, കേരളത്തിന്റെ വികസന മാതൃകയുടെ കരുത്താണെന്ന്, സിഐഐ സതേൺ റീജിയൺ ചെയർമാൻ തോമസ് ജോൺ മുത്തൂറ്റ് പറഞ്ഞു.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ തുടർച്ചയായി രണ്ടാം തവണയും മികച്ച നേട്ടം കൈവരിച്ചത് വ്യവസായ വികസനത്തോടുള്ള സർക്കാരിന്റെ പ്രതിബദ്ധതയാണ് വ്യക്തമാക്കുന്നതെന്ന് സിഐഐ കേരള ചെയർമാൻ വി.കെ.സി റസാഖ് അഭിപ്രായപ്പെട്ടു.






# ഇന്നത്തെ പരിപാടി

## കൊച്ചി

■ **ലെ മെറഡിയൻ ഹോട്ടൽ : ട്രേഡക്സ് കേരള 2026 :** അന്താരാഷ്ട്ര ബയർ-സെല്ലർ മീറ്റ് - ഉദ്ഘാടനം വ്യവസായ മന്ത്രി പി രാജീവ് - രാവിലെ 10ന്.

■ **കലൂർ കണ്ണൻനായർ സ്മാരക സാംസ്കാരിക കേന്ദ്രം :** വനിതാവിഭാഗം കലാപരിപാടികൾ - ഏകപാത്രാഭിനയം, കിച്ചൺ ഡാൻസ് - വൈകിട്ട് 6ന്.

■ **ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം :** ഇടപ്പള്ളി സീനിയർ സിറ്റിസൺ ഫോറം വനിതാ അംഗങ്ങളുടെ കലാസന്ധ്യ - വൈകിട്ട് 5.30ന്.

■ **വെണ്ണല തൈക്കാട്ട് മഹാദേവ ക്ഷേത്രം :** ഗംഗാ ശശിധരന്റെ വയലിൻ വിസ്മയം ഗംഗാതരംഗം - രാത്രി 8.30ന്.

■ **ലുലു മാൾ :** ലുലു ഫൽവർ ഫെസ്റ്റ് - രാവിലെ 10ന്.

## കളമശേരി

■ **പത്തടിപ്പാലം പൊതുമരാമത്ത് റസ്റ്റ് ഹൗസ് :** മനുഷ്യാവകാശ കമ്മീഷൻ സിറ്റിംഗ് - രാവിലെ 10ന്.

## ചേന്ദമംഗലം

■ **ചേന്ദമംഗലം പാലിയം പുതിയ തൃക്കോവ് ക്ഷേത്രം :** ആറാട്ട് ഉത്സവം - പെരുവനം കുട്ടൻമാരാരുടെ പ്രമാണത്തിൽ 111 കലാകാരന്മാർ പങ്കെടുക്കുന്ന പഞ്ചാരിമേളം - രാവിലെ 9ന്.

## പറവൂർ

■ **ആലങ്ങാട് വില്ലേജ് ഓഫിസ് :** ആലങ്ങാട് വില്ലേജ് ഓഫീസ് ഉദ്ഘാടനം - ഉദ്ഘാടനം മന്ത്രി കെ രാജൻ - രാവിലെ 10ന്.

## കോതമംഗലം

■ **കോതമംഗലം കല ഓഡിറ്റോറിയം :** കേരള പൊലീസ് ഓഫീസേഴ്സ് അസോസിയേഷൻ റൂറൽ ജില്ലാ സമ്മേളനം - രാവിലെ 9ന്.

■ **കുത്തുകുഴി :** യു ഡി എഫ് പുതുയുഗ യാത്രയുടെ പ്രചരണാർത്ഥം നടത്തുന്ന സന്ദേശ യാത്രയുടെ മൂന്നാം ദിന ഉദ്ഘാടനം - രാവിലെ 8.30 ന്.

## മട്ടാഞ്ചേരി

■ **തോപ്പുംപടി മാരിയോൺ റോസ് ഹാൾ :** കൊച്ചി താലൂക്ക് വ്യവസായ ഓഫീസ് സംരംഭകർക്കായി - ബാങ്കേഴ്സ് മീറ്റ് - രാവിലെ 9.30ന്.

■ **മട്ടാഞ്ചേരി ഉരു ആർട്ട് ഹാർബർ മെഹബൂബ് ജോൺ ടാക്കീസ് :** ആഴി ആർക്കൈവ്സ് കേരള ചലച്ചിത്ര അക്കാദമിയുമായി ചേർന്ന് സംഘടിപ്പിക്കുന്ന 'സീ എ ബോയ്‌ലിങ് വെസൽ ' ചാപ്റ്റർ 2 വിന്റെ ഭാഗമായി ചലച്ചിത്ര പ്രദർശനം - വാസ്തുഹാര - വൈകിട്ട് 6.30ന്. .

# കടമക്കുടിയിൽ മത്സ്യത്തൊഴിലാളി വിരമിക്കൽ ആനുകൂല്യങ്ങൾ വിതരണം ചെയ്തു

**കൊച്ചി:** കടമക്കുടി ഗ്രാമപഞ്ചായത്തിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള വിരമിക്കൽ ആനുകൂല്യങ്ങളുടെ വിതരണോദ്ഘാടനം കെ.എൻ. ഉണ്ണിക്കൃഷ്ണൻ എം.എൽ.എ നിർവ്വഹിച്ചു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ നടന്ന ചടങ്ങിൽ തൊഴിലാളികൾക്ക് കുറഞ്ഞത് 2000 രൂപ മുതലുള്ള വിരമിക്കൽ ആനുകൂല്യങ്ങളാണ് വിതരണം ചെയ്തത്. മീനുകളുടെ ലഭ്യത കുറയുന്ന സാഹചര്യത്തിൽ, അത് പരിഹരിക്കുന്നതിനായി വീരൻപുഴയിലെ സ്വാഭാവിക ഒഴുക്ക് വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് എം.എൽ.എ അറിയിച്ചു. പിഴല കോരമ്പാടം സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കടമക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.എസ്. ആന്റണി അധ്യക്ഷനായി. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷൈജ ബിജു, സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷരായ മാർഗരറ്റ് മേരി, അശോക് കുമാർ, വി.കെ പ്രബിൻ, വാർഡ് അംഗം ശ്യാം കുമാർ, ഫിഷറീസ് ജൂനിയർ എക്സിക്യൂട്ടീവ് കെ പി പ്രബിത, ഫിഷറീസ് ഓഫീസർ ജെബ്സി എ. ബിവേര എന്നിവർ സംസാരിച്ചു.

ഷൂട്ട് @ സൈറ്റ്



**തരിശിൽ വിരിഞ്ഞ ചീര വസന്തം.......** ഏലൂരിലെ കൃഷി ചെയ്യാതെ കിടന്ന പാടത്ത് ആദ്യത്തെ നെൽകൃഷിക്ക് ശേഷം പാട്ടത്തിനെടുത്ത് കൃഷി സ്ഥലത്ത് നട്ട ചീര നനയ്ക്കുന്ന കർഷകൻ. ചീര കൂടാതെ ഇവിടെ പൊട്ട് വെള്ളരി, തണ്ണിമത്തൻ, എള്ള് എന്നീ കൃഷികൾ കൂടെയുണ്ട്.
**ഫോട്ടോ- എ.എസ് സതീഷ്**

# കൊച്ചി നഗരത്തിന് പുതിയ ഉല്ലാസകേന്ദ്രം; കസ്തൂർബ നഗർ പാർക്ക് തുറന്നുനൽകി

**കൊച്ചി:** കൊച്ചി നഗരവാസികൾക്ക് വ്യായാമത്തിനും ഉല്ലാസത്തിനുമായി ആധുനിക സൗകര്യങ്ങളോടെ നിർമ്മിച്ച കസ്തൂർബ നഗർ പാർക്ക് ഹൈബി ഈഡൻ എം.പി. നാടിന് സമർപ്പിച്ചു. ടി.ജെ. വിനോദ് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് ഒരു കോടി 55 ലക്ഷം രൂപ ചെലവഴിച്ചാണ് പാർക്ക് നിർമ്മിച്ചത്. ഓപ്പൺ ജിം, കുട്ടികൾക്കുള്ള കളിസ്ഥലം, ബാഡ്മിന്റൺ കോർട്ട്, സൗജന്യ വൈഫൈ ഉൾപ്പെടെ വിപുലമായ സൗകര്യങ്ങളാണ് പാർക്കിൽ ഒരുക്കിയിരിക്കുന്നത്. കോവിഡിന് ശേഷം നഗരങ്ങളിൽ ഓപ്പൺ സ്പേസുകളുടെ പ്രാധാന്യം വർദ്ധിച്ചുവെന്നും, വലിയ പണം മുടക്കാതെ സാധാരണക്കാർക്ക് വ്യായാമം ചെയ്യാനും ഉല്ലസിക്കാനും ഇത്തരം ഇടങ്ങൾ അനിവാര്യമാണെന്നും ഹൈബി ഈഡൻ എം പി പറഞ്ഞു. പൊതു ഇടങ്ങൾ കുറഞ്ഞുവരുന്ന കൊച്ചി നഗരത്തിൽ, പ്രത്യേകിച്ച് ഫ്ലാറ്റുകളിൽ താമസിക്കുന്നവർക്ക് ഒത്തുചേരാനും വിശ്രമിക്കാനും ഇത്തരം പാർക്കുകൾ അനിവാര്യമാണെന്ന് ചടങ്ങിൽ അധ്യക്ഷനായി പങ്കെടുത്തു കൊണ്ട് ടി ജെ വിനോദ് എംഎൽഎ പറഞ്ഞു. അത്യന്താധുനിക സൗകര്യങ്ങളാണ് പൊതുജനങ്ങൾക്കായി പാർക്കിൽ ഒരുക്കിയിരിക്കുന്നത്. ബാഡ്മിന്റൺ കോർട്ട്, ഓപ്പൺ ജിം, ജോഗിങ് ട്രാക്ക്, വാക്കിംഗ് ട്രാക്ക് എന്നിവയ്ക്ക് പുറമെ വിനോദത്തിനായി എഫ്.എം റേഡിയോ സംവിധാനവും ഇവിടെയുണ്ട്. സന്ദർശകർക്കായി സൗജന്യ വൈഫൈ സൗകര്യവും ലഭ്യമാണ്. കൂടാതെ, സ്പീക്കറുകളുടെ സഹായമില്ലാതെ തന്നെ ബ്ലൂടൂത്ത് വഴി പ്രവർത്തിപ്പിക്കാവുന്ന ഓപ്പൺ എയർ തിയേറ്റർ സംവിധാനവും സജ്ജീകരിച്ചിട്ടുണ്ട്. കൊച്ചി കോർപ്പറേഷൻ മേയർ വി കെ മിനിമോൾ ചടങ്ങിൽ മുഖ്യാതിഥിയായി. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ആന്റണി പൈനുതറ, ഡിവിഷൻ കൗൺസിലർമാരായ കെ എക്സ് ഫ്രാൻസിസ്, കെ എസ് അഭിഷേക്, വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികൾ റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ, പൊതുജനങ്ങൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ചികിത്സാ സഹായം നൽകി

**കൊച്ചി:** അസുഖ ബാധിതനായി ചികിത്സയിൽ കഴിയുന്ന കെ.വി.വി.ഇ.എസ് മുൻ ജില്ലാ പ്രസിഡന്റും, സംസ്ഥാന വൈസ് പ്രസിഡന്റുമായിരുന്ന പി.എ.എം. ഇബ്രാഹിന് ധന സഹായം നൽകി.

പതിനേഴ് വർഷം എറണാകുളം ജില്ലാ പ്രസിഡന്റായിരുന്ന പി.എ.എം ഇബ്രാഹിം സ്ട്രോക്ക് ബാധിച്ചതിനെതുടർന്ന് ശരീരത്തിന്റെ ചലന ശേഷി നഷ്ടപ്പെട്ട നിലയിലാണിപ്പോൾ. സംസ്ഥാന പ്രസിഡന്റ് രാജു അപ്സരയുടെ നേതൃത്വത്തിൽ സംസ്ഥാന ട്രഷറർ എസ്. ദേവരാജൻ, വൈസ് പ്രസിഡന്റ് മാരായ പി.സി ജേക്കബ്, സണ്ണി പൈമ്പിള്ളിൽ, എറണാകുളം ജില്ല വർക്കിങ് പ്രസിഡന്റ് ജിമ്മി ചക്യത്ത്, ജനറൽ സെക്രട്ടറി സി.എസ് രാമചന്ദ്രൻ, സെക്രട്ടറി കെ.റ്റി ജോയി എന്നിവർ ചേർന്നാണ് ധന സഹായം നൽകിയത്.



*സ്ട്രോക്ക് ബാധിച്ച് ചികിത്സയിൽ കഴിയുന്ന കെ.വി.വി.ഇ.എസ് മുൻ എറണാകുളം ജില്ലാ പ്രസിഡന്റ് പി.എ.എം.ഇബ്രാഹിമിന് ചികിത്സാ ധനസഹായത്തിന്റെ രാം ഗഡു അഞ്ച് ലക്ഷം രൂപയുടെ ചെക്ക് സംസ്ഥാന പ്രസിഡന്റ് രാജു അപ്സര കൈമാറുന്നു. സംസ്ഥാന ട്രഷറർ എസ്.ദേവരാജൻ, വൈസ് പ്രസിഡന്റ്മാരായ പി.സി ജേക്കബ്, സണ്ണി പൈമ്പിള്ളിൽ, എറണാകുളം ജില്ല വർക്കിങ് പ്രസിഡന്റ് ജിമ്മി ചക്യത്ത്, ജനറൽ സെക്രട്ടറി സി.എസ് രാമചന്ദ്രൻ, സെക്രട്ടറി കെ.റ്റി ജോയി എന്നിവർ സമീപം*

കെ.വി.വി.ഇ.എസ് സംസ്ഥാന കമ്മറ്റി പ്രളയ ജീവകാരുണ്യ സഹായം നൽകാൻ വയനാട് വാങ്ങിയ കെട്ടിടത്തിന്റെ വാടകയും, സംസ്ഥാന കമ്മറ്റിയുടെ വിഹിതവും കൂട്ടി രാം ഗഡുവായി അഞ്ച് ലക്ഷം രൂപയുടെ ചെക്കാണ് നൽകിയത്.

# ഈ മാസത്തെ ക്ഷേമ പെൻഷൻ 1,050 കോടി രൂപ അനുവദിച്ചു

**തിരുവനന്തപുരം:** ഫെബ്രുവരിയിലെ സാമൂഹ്യ സുരക്ഷ, ക്ഷേമനിധി പെൻഷനുകൾ 25 മുതൽ വിതരണം തുടങ്ങും. ഇതിനായി 1,050 കോടി രൂപ അനുവദിച്ചതായി ധനകാര്യ മന്ത്രി കെ.എൻ ബാലഗോപാൽ അറിയിച്ചു. 62 ലക്ഷത്തോളം പേർക്കാണ് 2,000 രൂപവീതം പെൻഷൻ ലഭിക്കുക. 26.62 ലക്ഷം പേരുടെ ബാങ്ക് അക്കൗണ്ടുകളിൽ തുക എത്തും, മറ്റുള്ളവർക്ക് സഹകരണ ബാങ്കുകൾ വഴി വീട്ടിലെത്തി നേരിട്ട് തുക കൈമാറും. ക്ഷേമനിധി അംഗങ്ങൾക്കുള്ള ക്ഷേമ പെൻഷൻ അതാത് ബോർഡുകൾ വഴി വിതരണം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

8.46 ലക്ഷം പേർക്ക് ദേശീയ പെൻഷൻ പദ്ധതിയിലെ കേന്ദ്ര വിഹിതം കേന്ദ്ര സർക്കാരാണ് നൽകേണ്ടത്. ഇത് കൃത്യമായി ലഭിക്കാത്ത സാഹചര്യത്തിൽ കേന്ദ്ര വിഹിത ഇനത്തിലുള്ള 24.21 കോടി രൂപയും സംസ്ഥാനം മുൻകൂർ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്. ഈ വിഹിതം കേന്ദ്ര സർക്കാരിന്റെ പി.എഫ്.എം.എസ് സംവിധാനം വഴി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യും. എന്നാൽ, ഇതും പലപ്പോഴും വൈകുന്ന സാഹചര്യം ഒഴിവാക്കണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഈ സർക്കാർ ഇതുവരെ 49,433.83 കോടി രൂപയാണ് ക്ഷേമ പെൻഷൻ ഇനത്തിൽ വിതരണം ചെയ്തത്. ഒന്നാം പിണറായി സർക്കാർ 35,154 കോടി രൂപ പെൻഷൻകാർക്ക് ലഭ്യമാക്കി. 2011-16 -ൽ ചുമതലയിലുായിരുന്ന യു.ഡി.എഫ് സർക്കാർ 9,011 കോടി രൂപയാണ് നൽകിയത്. യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് 600 രൂപയായിരുന്നു ക്ഷേമ പെൻഷൻ. ഒന്നും രണ്ടും പിണറായി സർക്കാരുകൾ ഘട്ടംഘട്ടമായി 2,000 രൂപയായി വർദ്ധിപ്പിച്ചു. ഇപ്പോൾ പ്രതിമാസം 1,050 കോടിയോളം രൂപയാണ് പെൻഷനായി നൽകുന്നത്. ഇത് ഒരു കുടിശികയുമില്ലാതെ അതാത് മാസം തന്നെ വിതരണം ചെയ്യുന്നു. നിലവിൽ ഒരു വർഷം ക്ഷേമ പെൻഷൻ വിതരണത്തിന് വേിവരുന്നത് 14,500 കോടി രൂപയാണ്. അടുത്തവർഷത്തേയ്ക്കും ഇതിനുള്ള വകയിരുത്തൽ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## എൻ.വി. അനുസ്മരണം:

# സാഹിത്യ സെമിനാറും പുസ്തകശേഖരം കൈമാറലും നാളെ

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം സാഹിത്യം, മലയാളം വിഭാഗങ്ങളുടെയും എൻ.വി. സ്മാരകസമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ എൻ.വി. അനുസ്മരണം നടത്തുന്നു.

കാലടി മുഖ്യക്യാമ്പസിലെ അക്കാദമിക് ബ്ലോക്ക് ഒന്നിലെ സെമിനാർ ഹാളിൽ നാളെ രാവിലെ 10ന് നടത്തുന്ന സാഹിത്യസെമിനാറും എൻ.വിയുടെ പുസ്തകശേഖരം കൈമാറലും വൈസ് ചാൻസലർ പ്രൊഫ. കെ.കെ. ഗീതാകുമാരി ഉദ്ഘാടനം ചെയ്യും. എൻ.വി. സ്മാരക സമിതി പ്രസിഡന്റ് പ്രൊഫ. കെ.വി. രാമകൃഷ്ണൻ അധ്യക്ഷനായിരിക്കും.

എൻ.വി. കൃഷ്ണവാരിയരുടെ പുസ്തകശേഖരം എൻ.വി.യുടെ മക്കൾ ഡോ. ഉഷയും ഡോ. വാണിയും ചേർന്ന് സർവ്വകലാശാലയ്ക്ക് കൈമാറും. വൈസ് ചാൻസലർ പ്രൊഫ. കെ.കെ. ഗീതാകുമാരി പുസ്തകശേഖരം സ്വീകരിക്കും. സിൻഡിക്കേറ്റ് അംഗം പ്രൊഫ. മാത്യൂസ് ടി. തെള്ളി, രജിസ്ട്രാർ ഡോ. മോത്തി ജോർജ്, ഡോ. സജിത കെ.ആർ., ഡോ. കെ.വി. അജിത് കുമാർ എന്നിവർ പ്രസംഗിക്കും. ഡോ. സി. രാജേന്ദ്രൻ, ഡോ. സുനിൽ പി. ഇളയിടം, ഡോ. നിധീഷ് കണ്ണൻ ബി. എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

# റോട്ടറി ഡിസ്ട്രിക്ട് കോൺഫറൻസ് റിനൈസൻസ് ഫെബ്രുവരി 21, 22 തിയ്യതികളിൽ




**കൊച്ചി:** റോട്ടറി ഇന്റർനാഷണൽ 3205 ഡിസ്ട്രിക്ട് കോൺഫറൻസ് 'റിനൈസൻസ്' ഫെബ്രുവരി 21, 22 തിയ്യതികളിൽ സിയാൽ ട്രേഡ് ഫെയർ ആന്റ് എക്സിബിഷൻ സെന്ററിൽ നടക്കും. റിനൈസൻസ് ഉദ്ഘാടന ചടങ്ങിൽ കേരള ഹൈക്കോടതി ജഡ്ജി എ.കെ ജയശങ്കരൻ നമ്പ്യാർ മുഖ്യാതിഥിയും പത്മവിഭൂഷൺ ഡോ. ഡി നാഗേശ്വർ റെഡ്ഡി വിശിഷ്ടാതിഥിയുമായിരിക്കും. ബെഞ്ചിനപ്പുറത്തെ നേതൃപാടവം എന്ന വിഷയത്തിൽ എ കെ ജയശങ്കരൻ നമ്പ്യാരും ഗിവിംഗ്, ഗ്രോയിംഗ് ആന്റ് ഗ്ലോയിംഗ് എന്ന വിഷയത്തിൽ രവിശങ്കർ ദകൊജുവും ജീവിതത്തിൽ ഐക്യത്തിലേക്കും വിജയത്തിലേക്കും എന്ന വിഷയത്തിൽ ഡോ. ഡി നാഗേശ്വർ റെഡ്ഡിയും സംസാരിക്കും. സ്റ്റാന്റപ്പ് കൊമേഡിയൻ ഉഷി മോഹൻദാസിന്റെ 12 ഇഞ്ചിന്റെ യാത്ര; ഹൃദയത്തിൽ നിന്ന് ഹൃദയത്തിലേക്ക്, യാഥാർഥ്യം അപൂർവം അയാഥാർഥ്യം എല്ലായിടത്തും എന്നീ വിഷയങ്ങളിലുള്ള അവതരണവും നടക്കും. യംഗ് ഇന്ത്യ റൈസിംഗ് ദി സ്റ്റേറ്റ് ദി സാർട്ടപ്പ് ആന്റ് ദി യൂണിവേഴ്സിറ്റി എന്ന പാനൽ ചർച്ചയിൽ ബ്രാന്റ് ആന്റ് ഗ്രോത്ത് സ്ട്രാറ്റജിസ്റ്റ് കമൽ കൃഷ്ണൻ മോഡറേറ്ററായിരിക്കും. തെലുങ്കാന സ്പെഷ്യൽ ചീഫ് സെക്രട്ടറി ജയേഷ് രഞ്ജൻ ഐ എ എസ്, ബോവർ സ്കൂൾ സ്ഥാപകൻ പവൻ അല്ലേന, ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനീഷ്യേറ്റീവ് സ്ഥാപകൻ ടോം ജോസഫ് എന്നിവർ ചർച്ചയിൽ പങ്കെടുക്കും.

മനോരമ ന്യൂസ് ഡയറക്ടർ ജോണി ലൂക്കോസ് മുഖ്യപ്രഭാഷണം നടത്തുന്ന പാനൽ ചർച്ചയിൽ രഞ്ജിനി മേനോൻ മോഡറേറ്ററായിരിക്കും. ഏഷ്യാനെറ്റ് ന്യൂസിലെ അളകനന്ദ, റേഡിയോ മാംഗോയിലെ ആർ ജെ നീന എന്നിവർ പങ്കെടുക്കും.

വിജയകുമാർ ടി ആറിന് സർവീസ് എബവ് സെൽഫ് അവാർഡും പിന്നണി ഗായിക സേബ ടോമി, സ്റ്റാർ സിംഗർ ഫൈനലിസ്റ്റ് നന്ദ ജെ ദേവൻ, അഡ്വ. എസ് എ എസ് നവാസ്, ഡോ. വി പി കുറിയിപേ, കൊച്ചി ആസ്റ്റർ മെഡിസിറ്റി എന്നിവർക്ക് വിവിധ പുരസ്ക്കാരങ്ങളും നൽകും. ഫെബ്രുവരി 21ന് വൈകിട്ട് ഏഴു മണിക്ക് ബാന്റ് വില്ലിംഗ്ടൺ ഐലന്റിന്റെ പരിപാടി അരങ്ങേറും. നർത്തകരായ ലക്ഷ്മി ബ്രിജേഷും വൈഷ്ണവി ബ്രിജേഷിന്റേയും വിദ്യാശക്തി സംഗമം, ഗസൽ ഗായകൻ മെഹ്ദി ഹസ്സനുള്ള സമർപ്പണമായി ആശ്ന ഷെറിന്റെ ഗസൽ ഗാനമേള റഫ്ത റഫ്ത, സർവലോക ഐക്യത്തിനായി റോട്ടറി ക്ലബ് ഓഫ് മൂവാറ്റുപുഴയിലെ ഷോമ സൂസൻ വർഗ്ഗീസ്, ഡോ. ജയൻ ജേക്കബ് മാത്യു, ഡോ. സ്നേഹ സാറ ജയ് എന്നിവർ ചേർന്നുള്ള വിശ്വശാന്തി പ്രാർഥന, റോട്ടറി ക്ലബ്ബ് ഓഫ് തേക്കടി അവതരിപ്പിക്കുന്ന നൃത്ത പരിപാടി ഹാർമണി ദി റിഥം ഓഫ് യൂണിറ്റി എന്നിവയും നടക്കും. വാർത്താ സമ്മേളനത്തിൽ റോട്ടറി ഡിസ്ട്രിക്ട് 3205 ഗവർണർ ഡോ. ജി.എൻ രമേഷ്, ജനറൽ സെക്രട്ടറി പി. ആർ തേജസ്, കോൺഫറൻസ് ചെയർ പി എസ് ജയരാജൻ, വൈസ് ചെയർ ഗോപാലകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** ഇടപ്പള്ളി അഡീഷണൽ ഐസിഡിഎസ് പ്രോജക്ട് ഓഫീസിലെ 127 അങ്കണവാടികളിലേക്ക് 2025-26 സാമ്പത്തിക വർഷം പ്രീസ്കൂൾ എജുക്കേഷൻ കിറ്റ് വിതരണം ചെയ്യുന്നതിനായി ടെൻഡർ ക്ഷണിച്ചു. ഫെബ്രുവരി 24 ഉച്ചയ്ക്ക് 12 മണി വരെ ടെൻഡറുകൾ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഇടപ്പള്ളി അഡീഷണൽ ഐസിഡിഎസ് ഓഫീസിൽ പ്രവൃർത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്. ഫോൺ: 9188959723, 04842558060. ഇ-മെയിൽ: cdpoedappallyaddl@gmail.com

## വിജ്ഞാൻവാടികളിലേക്ക് കോ-ഓഡിനേറ്റർ നിയമനം: 20 വരെ അപേക്ഷിക്കാം

**കൊച്ചി:** ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിജ്ഞാൻവാടികളിലേക്ക് കോ ഓഡിനേറ്റർമാരെ നിയമിക്കുന്നു. ഒരു വർഷത്തേക്ക് താൽക്കാലികാടിസ്ഥാനത്തിലാണ് നിയമനം. പ്രായപരിധി 21 മുതൽ 45 വയസ്സ് വരെ. പ്രതിമാസ ഓണറേറിയം 8000 രൂപ. കമ്പ്യൂട്ടർ പരിജ്ഞാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബിരുദധാരികൾക്ക് അപേക്ഷിക്കാം. ജില്ലയിലെ വിവിധയിടങ്ങളിലായി 18 വിജ്ഞാൻവാടികളിലേക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷയോടൊപ്പം ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം 20 ന് വൈകിട്ട് അഞ്ചിന് മുമ്പായി സിവിൽ സ്റ്റേഷനിലെ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ നൽകണം. ഫോൺ: 0484-2422256.

# റോട്ടറി കൊച്ചിൻ ഇന്റർനാഷണൽ കൊച്ചി സിറ്റി പൊലീസിന് അഞ്ച് ഡിപ്ലോസ് ഇരുചക്ര വാഹനങ്ങൾ കൈമാറി

**കൊച്ചി:** ബംഗളൂരു ആസ്ഥാനമായ ഒറിജിനൽ എക്വിപ്മെന്റ് നിർമ്മാതാക്കളായ ന്യൂമെറസ് മോട്ടോഴ്സ് റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഇന്റർനാഷണലുമായി ചേർന്ന് കൊച്ചി സിറ്റി പോലിസിന് ന്യൂമെറോസിന്റെ പ്രധാന ഇലക്ട്രിക് ഇരുചക്രവാഹനം 'ഡിപ്ലോസ്' കൈമാറി. അഞ്ച് വാഹനങ്ങളാണ് കൊച്ചി സിറ്റി പോലീസിന് നൽകിയത്. റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഇന്റർനാഷണലിന്റെ നേതൃത്വത്തിൽ പാലാരിവട്ടം ഹോട്ടൽ ഹൈവേ ഗാർഡനിൽ സംഘടിപ്പിച്ച ചടങ്ങിൽ കൊച്ചി സിറ്റി പോലീസ് കമ്മീഷണർ കാളിരാജ് മഹേഷ് കുമാർ മുഖ്യാതിഥിയായിരുന്നു. റോട്ടറി ഡിസ്ട്രിക്ട് ഗവർണർ ഇലക്ട് ജോഷി ചാക്കോ വിശിഷ്ടാതിഥിയായി പങ്കെടുത്തു.



പ്രസിഡ് പി. മനോജ് കുമാർ അധ്യക്ഷത വഹിച്ചു. വർധിച്ചു വരുന്ന ജനസംഖ്യയും അതിനനുസരിച്ച് വർധിക്കുന്ന വാഹനങ്ങളുമാണ് കൊച്ചി ഇപ്പോൾ നേരിടുന്ന പ്രധാന വെല്ലുവിളിയെന്ന് കൊച്ചി സിറ്റി പൊലീസ് കമ്മീഷണർ കാളിരാജ് മഹേഷ് കുമാർ പറഞ്ഞു. വാഹന വർധനവിന് അനുസരിച്ച് റോഡുകളുടെ ശേഷി വർധിക്കാത്തതിനാൽ ഗതാഗതക്കുരുക്കാണ് എല്ലായിടത്തും ഉണ്ടാകുന്നതെന്നും അദ്ദേഹം പറഞ്ഞു.

റോട്ടറി റോഡ് സേഫ്റ്റി ഇനീഷ്യേറ്റീവ് ചെയർമാൻ എ. ടി രാജീവ്, ന്യൂമറസ് മോട്ടോഴ്സ് ചീഫ് ഓഫ് സ്റ്റാഫും ഹെഡ് ഓഫ് പ്രോഗ്രാം മാനേജ്മെന്റുമായ ബിജോയ് ജോർജ്ജ്, ആർ. ജെ പ്രഹർഷ്, ഡോ. ഹാറൂൺ പിള്ളൈ, ഡി.സി.പി വിനോദ് പിള്ളൈ തുടങ്ങിയവർ പ്രസംഗിച്ചു. പോലീസ് പട്രോളിംഗിന് അനുയോജ്യമായി ഇഷ്ടാനുസൃതമായി വാഹനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

പൊതു അറിയിപ്പ് സംവിധാനം, സൈറൺ, ബീക്കൺ ലൈറ്റുകൾ, ഈഗിൾഐ ലൈറ്റുകൾ, വാക്കിടോക്കി ഹോൾഡർ, യൂട്ടിലിറ്റി ബോക്സ്, ഹെൽമറ്റുകൾ എന്നിവയുൾപ്പെടെ ആധുനിക സവിശേഷതകളാണ് ഇവയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ വാഹനങ്ങൾ അനധികൃത പെടസ്ട്രിയൻ പാർക്കിംഗ് തടയൽ കാൽനടക്കാരുടെ റോഡ് ക്രോസിങ്ങിലെ സുരക്ഷ എന്നിവക്ക് സഹായം ചെയ്യുന്ന തരത്തിൽ പൊലീസിന് വേഗത്തിൽ ചെന്നെത്താൻ വളരെ സഹായകമാകും.

## പുതിയ കാമ്പയിനുമായി കോൾഗേറ്റ്

**കൊച്ചി:** കോൾഗേറ്റ് പാൽ മൊളീവ് ഇന്ത്യ തന്റെ കോൾഗേറ്റ് വിസിബിൾ വൈറ്റ് പർപ്പിൾ പേസ്റ്റിനായി പുതിയ ബ്യൂട്ടിഫോർവേഡ് കാമ്പയിൻ പുറത്തിറക്കി.

ബോളിവുഡ് നടി കൃതി സനോൺ, ഇന്ത്യൻ ക്രിക്കറ്റർ അഭിഷേക് ശർമ്മ എന്നിവരാണ് കാമ്പയിന് നേതൃത്വം നൽകുന്നത്. മേക്കപ്പ്, ഹെയർ കെയർ മേഖലകളിൽ ഉപയോഗിക്കുന്ന പർപ്പിൾ കളർ കറക്ഷൻ സാങ്കേതികവിദ്യയെ ആസ്പദമാക്കി, പല്ല് വെളുപ്പിക്കൽ എന്നിവ ആധുനിക സൗന്ദര്യരീതിയുടെ അവിഭാജ്യ ഘടകമാണെന്ന് ക്യാമ്പയിൻ മുന്നോട്ടു വെയ്ക്കുന്നു.

## ഇന്ത്യയിൽ എഐ അപ്സ്കില്ലിംഗ് നടത്തുന്നവരിൽ കൂടുതലും സീനിയർ പ്രൊഫഷണലുകൾ: ഗ്രേറ്റ് ലേണിംഗ് റിപ്പോർട്ട്

**കൊച്ചി:** ഇന്ത്യയിൽ 2025ൽ എഐയും ജെൻ എഐയും പഠിക്കുന്നതിൽ സീനിയർ പ്രൊഫഷണലുകൾ മുന്നിൽ നിൽക്കുന്നതായി ഗ്രേറ്റ് ലേണിംഗ് പുറത്തിറക്കിയ റിപ്പോർട്ട് വ്യക്തമാക്കുന്നു. ഉയർന്ന വിദ്യാഭ്യാസവും പ്രൊഫഷണൽ പരിശീലനവും നൽകുന്ന പ്രമുഖ എഡ്ടെക് കമ്പനിയായ ഗ്രേറ്റ് ലേണിംഗ്, അപ്സ്കില്ലിംഗിനെക്കുറിച്ച് ഇന്ത്യയിലെ പ്രൊഫഷണലുകളിൽ നടത്തിയ പഠനത്തിലെ വിവരങ്ങളാണിത്.പ്ലാറ്റ്ഫോമിലെ ഒരു ദശലക്ഷത്തിലധികം പഠിതാക്കളുടെ ഡാറ്റയുടെ അടിസ്ഥാനത്തിലാണ് പഠനം. എഐ/എംഎൽ, ജെൻ എഐ കോഴ്സുകളിൽ ചേർന്നവരിൽ 40 ശതമാനത്തിലധികവും 15 വർഷത്തിലധികം പരിചയമുള്ളവരാണ്. കഴിഞ്ഞ വർഷത്തേക്കാൾ എഐ മേഖലയിലെ ആവശ്യകത 17 ശതമാനം വർധിച്ചു. 2025ൽ ഏറ്റവും കൂടുതൽ ആവശ്യകതളായ അപ്സ്കില്ലിംഗ് മേഖല എഐയും മെഷീൻ ലേണിംഗുമായിരുന്നു.

ഡാറ്റ സയൻസ്, സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ്, ക്ലൗഡ് കംപ്യൂട്ടിംഗ്, സൈബർ സുരക്ഷ എന്നിവയും പിന്നാലെയുായിരുന്നു. ദീർഘകാല കോഴ്സുകളിലെ ചേർക്കലുകളിൽ 68 ശതമാനവും ടയർ 1 നഗരങ്ങളിൽ നിന്നാണ്. ചെന്നൈ, ബെംഗളൂരു, ഹൈദരാബാദ് എന്നിവ മുൻപന്തിയിലുായിരുന്നു. ടയർ2 നഗരങ്ങളിൽ കോയമ്പത്തൂർ, മധുരൈ, കൊച്ചി തുടങ്ങിയ നഗരങ്ങൾ മുന്നിൽ നിന്നു. മൊത്തം ചേർക്കലുകളിൽ 48 ശതമാനം 03 വർഷം പരിചയമുള്ളവരുടേതാണ്. 77 ശതമാനം പേർ ഐടി മേഖലയ്ക്കു പുറത്തുള്ളവരാണ്.

എഐയും ജെൻ എഐയും ഇനി ഒരു പ്രത്യേക സാങ്കേതിക കഴിവ് മാത്രമല്ല, വിവിധ മേഖലകളിലുടനീളം അത്യാവശ്യമായ അടിസ്ഥാന കഴിവായി മാറിയിരിക്കുകയാണെന്ന് ഗ്രേറ്റ് ലേണിംഗ് സഹസ്ഥാപകൻ അർജുൻ നായർ പറഞ്ഞു.

## 19.59 ദശലക്ഷം ആഗോള വിനോദസഞ്ചാരികൾ; ദുബായ് ടൂറിസത്തിന് റെക്കോർഡ് നേട്ടം



**കൊച്ചി:** 2025ൽ 19.59 ദശലക്ഷം ആഗോള വിനോദസഞ്ചാരികളെ സ്വീകരിച്ച് ദുബായ് തുടർച്ചയായി മൂന്നാം വർഷവും റെക്കോർഡ് സ്ഥാപിച്ചു. 2024ൽ 18.72 ദശലക്ഷം വിനോദസഞ്ചാരികൾ സന്ദർശനം നടത്തിയപ്പോൾ 2025ൽ 5% വാർഷിക വളർച്ചയോടെ സഞ്ചാരികളുടെ എണ്ണം 19.59 ദശലക്ഷത്തിലെത്തി. ചരിത്രത്തിലാദ്യമായി ഡിസംബറിൽ മാത്രം 2.04 ദശലക്ഷം വിനോദസഞ്ചാരികളാണ് ദുബായ് സന്ദർശിച്ചത്. ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമി ആൻഡ് ടൂറിസം ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമി ആൻഡ് ടൂറിസം (ഡിഇടി) ആഭ്യന്തരവും അന്താരാഷ്ട്രവുമായ പങ്കാളികളുമായി നടപ്പാക്കിയ വൈവിധ്യമാർന്ന പദ്ധതികളാണ് ടൂറിസം മേഖലയിലെ വളർച്ചയ്ക്ക് കാരണമായത്. പടിഞ്ഞാറൻ യൂറോപ്പ് 4.10 ദശലക്ഷം സന്ദർശകരോടെ ഒന്നാമതെത്തിയപ്പോൾ ജിസിസി, ദക്ഷിണേഷ്യ, സിഐഎസ്കിഴക്കൻ യൂറോപ്പ് എന്നീ മേഖലകളിൽ നിന്നും സന്ദർശകരുടെ ഒഴുക്കുായി. ഇക്കാലയളവിൽ ഹോസ്പിറ്റാലിറ്റി മേഖലയിലും മികച്ച മുന്നേറ്റമാണ് രേഖപ്പെടുത്തിയത്. നഗരത്തിലെ 827 ഹോട്ടലുകളിലെ മുറികളുടെ എണ്ണം 154,264 ആയി ഉയർന്നു. ആഗോള മാർക്കറ്റിംഗ് ക്യാമ്പയ്നുകൾ, പ്രധാന റീട്ടെയിൽ, കായിക ഇവന്റുകൾ, പുതിയ നിക്ഷേപ പ്രോത്സാഹന പദ്ധതികൾ എന്നിവ ദുബായുടെ ആഗോള ആകർഷണം കൂടുതൽ ശക്തിപ്പെടുത്തിയതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

## ബെർജർ പെയിന്റ്സ് മൂന്നാംപാദ ഫലങ്ങൾ പ്രഖ്യാപിച്ചു

**കൊച്ചി:** 2025 ഡിസംബർ 31ന് അവസാനിച്ച മൂന്നാം പാദത്തിനുള്ള സാമ്പത്തിക ഫലങ്ങൾ ബെർജർ പെയിന്റ്സ് ഇന്ത്യ ലിമിറ്റഡ് പ്രഖ്യാപിച്ചു. വരുമാനത്തിൽ ചെറിയ വർധന രേഖപ്പെടുത്തി.ഏകോപിത അടിസ്ഥാനത്തിൽ, കമ്പനിയുടെ വരുമാനം 2,984 കോടി രൂപയായി. കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിൽ ഇത് 2,975.1 കോടി രൂപ ആയിരുന്നു. 0.3 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. എന്നാൽ ഇബിഐടിഡിഎ (മറ്റ് വരുമാനം ഒഴികെ) 471.0 കോടി രൂപയായി കുറഞ്ഞു. കഴിഞ്ഞ വർഷം ഇത് 471.7 കോടി രൂപ ആയിരുന്നു.

മൂന്നാം പാദത്തിലെ നെറ്റ് ലാഭം 271.3 കോടി ആയി. കഴിഞ്ഞ വർഷത്തെ 296.0 കോടി രൂപയുമായി താരതമ്യപ്പെടുത്തുമ്പോൾ 8.3 ശതമാനം ഇടിവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.സ്റ്റാൻഡ്എലോൺ അടിസ്ഥാനത്തിൽ വരുമാനം 2,595.0 കോടി രൂപ ആയി, 0.4 ശതമാനം വർധന രേഖപ്പെടുത്തി. ഇബിഐടിഡിഎ (മറ്റ് വരുമാനം ഒഴികെ) 417.2 കോടി രൂപ ആയി. നെറ്റ് ലാഭം 298.4 കോടി രൂപ ആയി, ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2.5 ശതമാനം കുറവാണ്. ഒൻപത് മാസത്തെ ഏകോപിത ഫലങ്ങൾ പ്രകാരം, വരുമാനം 9,012.2 കോടി രൂപ ആയി 1.9 ശതമാനം വർധിച്ചു. എന്നാൽ ഇബിഐടിഡിഎ (മറ്റ് വരുമാനം ഒഴികെ) 5.4 ശതമാനം കുറഞ്ഞ് 1,351.6 കോടി രൂപ ആയി. നെറ്റ് ലാഭം 792.8 കോടി ആയി, 13.8 ശതമാനം കുറവ്.

സ്റ്റാൻഡ്എലോൺ അടിസ്ഥാനത്തിൽ ഒൻപത് മാസത്തെ വരുമാനം 7,916.1 കോടി രൂപ ആയി 1.2 ശതമാനം വർധിച്ചപ്പോൾ, നെറ്റ് ലാഭം 768.4 കോടി ആയി. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഇത് 840.6 കോടി രൂപയായിരുന്നു. 8.6% കുറവ്.

## കിന്യൂയസ് ഗ്ലൂക്കോസ് മോണിറ്ററിംഗ് ഉപകരണങ്ങൾ നൽകി

**തൃപ്പൂണിത്തുറ:** മാനുഷികാരോഗ്യ രക്ഷാ പദ്ധതിയുടെ ഭാഗമായി റോട്ടറി ക്ലബ് ഓഫ് തൃപ്പൂണിത്തുറ യു എസ് എയിലെ കാലിഫോർണിയ റോട്ടറി ക്ലബ് ഓഫ് ലിവർമോറുമായി ചേർന്ന് ടൈപ്പ് വൺ പ്രമേഹമുള്ള കുട്ടികൾക്ക് 200 കിന്യൂയസ് ഗ്ലൂക്കോസ് മോണിറ്ററിംഗ് ഉപകരണങ്ങൾ (സി ജി എം) നൽകി.

മുൻ ഡിസ്ട്രിക്ട് ഗവർണർ വേണുഗോപാൽ സി ഗോവിന്ദ് പദ്ധതി ഉദ്ഘാടനം ചെയ്തു. ഡിസ്ട്രിക്ട് ഗവർണർ ഇലക്ട് ജോഷി ചാക്കോ ഒരു കുട്ടിക്ക് ആദ്യ സി ജി എം ഘടിപ്പിച്ച് പദ്ധതി ഔപചാരികമായി ആരംഭിച്ചു. അസിസ്റ്റന്റ് ഗവർണർ ലക്ഷ്മി നാരായണൻ പദ്ധതി വിശദീകരിച്ചു. ഡിസ്ട്രിക്ട് റോട്ടറി ഫൗഷേൻ ചെയർ ബി ബാലഗോപാൽ, ഡിസ്ട്രിക്ട് ഡയറക്ടർ സുധിൻ വിളങ്ങാടൻ, അസിസ്റ്റന്റ് ഗവർണർ സിജോ തോമസ്, വാർഡ് കൗൺസിലർ വി പി ചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു. അബ്ദുൽ കലാം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ എൻഡോക്രിനോളജിസ്റ്റ് ഡോ. സുമയ്യ രോഗനിയന്ത്രണവും ജീവിതശൈലി മാറ്റങ്ങളും സംബന്ധിച്ച് ബോധവത്കരണം നടത്തി.

ടൈപ് വൺ ഡയബറ്റസ് സൊസൈറ്റി കേരള പ്രസിഡന്റ് വിജേഷ് ടി ആർ, സെക്രട്ടറി അബ്ദുൽ ജലീൽ എന്നിവർ പങ്കെടുത്തു. സി ജി എം ഉപകരണങ്ങളുടെ ശരിയായ ഉപയോഗം, ദീർഘകാല പരിചരണം, മാനസിക ശക്തീകരണം എന്നിവയെക്കുറിച്ചുള്ള പ്രത്യേക പരിശീലന ക്ലാസുകളും സംഘടിപ്പിച്ചു. എറണാകുളം, തൃശ്ശൂർ, ഇടുക്കി തുടങ്ങിയ ജില്ലകളിൽ നിന്നുള്ള കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ഡോ. ചിത്ര പ്രദീപ് നന്ദി പറഞ്ഞു.

## നിക്ഷേപകർക്ക് പുതിയ മാർഗനിർദ്ദേശങ്ങളുമായി മോത്തിലാൽ ഓസ്വാൾ പ്രൈവറ്റ് വെൽത്ത്

**കൊച്ചി:** 2026ൽ നിക്ഷേപകർ സ്വീകരിക്കേണ്ട പ്രധാന തന്ത്രങ്ങൾ വെളിപ്പെടുത്തി മോത്തിലാൽ ഓസ്വാൾ പ്രൈവറ്റ് വെൽത്ത്. നിക്ഷേപങ്ങളുടെ പ്രധാന പങ്ക് സുപരിചിതമായ വലിയ കമ്പനികളിലോ (ലാർജ് ക്യാപ് കമ്പനികൾ) ഹൈബ്രിഡ് ഫുകളിലോ ആകണമെന്നാണ് പ്രധാന നിർദ്ദേശം. വിപണിയിലെ അസ്ഥിരതയെ ചെറുക്കാൻ ഇവ സഹായിക്കുമെന്നാണ് വിലയിരുത്തൽ. അതേസമയം, ഇടത്തരം-ചെറുകിട കമ്പനികളിൽ ഘട്ടംഘട്ടമായി, സൂക്ഷ്മമായി നിക്ഷേപിക്കണമെന്നും നിർദ്ദേശിക്കുന്നു. ഇത്തരം കമ്പനികൾക്ക് വളർച്ചാ സാധ്യത കൂടുതലാണെങ്കിലും അപകടസാധ്യതയും അനുസൃതമായി ഉയർന്നതായിരുക്കുമെന്ന് ചൂണ്ടികാണിക്കുന്നുണ്ട്. ഇന്ത്യൻ കമ്പനികളുടെ പ്രകടനം മെച്ചപ്പെട്ടുവരുന്നതും രാജ്യത്തിന്റെ സമഗ്ര സാമ്പത്തിക സാഹചര്യത്തിൽ പുരോഗതി കാണുന്നതുമാണ് ഈ സമതുലിത നിക്ഷേപ തന്ത്രത്തിന് പിന്നിലെ പ്രധാന കാരണം. 2025നെ അപേക്ഷിച്ച് 2026 ഇന്ത്യയിൽ നിക്ഷേപങ്ങൾക്ക് കൂടുതൽ അനുകൂലമാകുമെന്ന് മോത്തിലാൽ ഓസ്വാൾ പ്രൈവറ്റ് വെൽത്തിന്റെ മാനേജിങ് ഡയറക്ടറും സിഇഒയുമായ ആശിഷ് ശങ്കർ അഭിപ്രായപ്പെട്ടു.

## മുത്തൂറ്റ് ഫിനാൻസിന് 2,656 കോടി രൂപയുടെ റെക്കോർഡ് അറ്റാദായം

കൊച്ചി: മുത്തൂറ്റ് ഫിനാൻസ് നടപ്പു സാമ്പത്തിക വർഷത്തിലെ ആദ്യ മൂന്ന് പാദങ്ങളിൽ 7,048 കോടി രൂപയുടെ അറ്റാദായം നേടി. കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിലെ 3,693 കോടി രൂപയെ അപേക്ഷിച്ച് 91 ശതമാനം വർധനവാണ് കമ്പനി കൈവരിച്ചിട്ടുള്ളത്. മുത്തൂറ്റ് ഗ്രൂപ്പ് കൈകാര്യം ചെയ്യുന്ന സംയോജിത വായ്പ്പാ ആസ്തികൾ 48 ശതമാനം വാർഷിക വർദ്ധനവോടെ എക്കാലത്തെയും ഉയർന്ന നിലയിലായ 1,64,720 കോടി രൂപയിലെത്തി. സംയോജിത ലാഭം എക്കാലത്തെയും ഉയർന്ന നിലയിലായ 7209 കോടി രൂപയിലെത്തി. 84 ശതമാനം വാർഷിക വർധനവാണ് ഇത് സൂചിപ്പിക്കുന്നത്. മുത്തൂറ്റ് ഫിനാൻസിന്റെ മാത്രം വായ്പകൾ 51 ശതമാനം വർധനവോടെ 1,47,552 കോടി രൂപയിലെത്തി. സ്വർണ്ണ പണയ വായ്പകൾ 50 ശതമാനം വർധിച്ചു 1,39,658 കോടി രൂപയിലെത്തി. കമ്പനി ലോക്കറിൽ ഈടായി സൂക്ഷിച്ചിട്ടുള്ള സ്വർണ്ണത്തിന്റെ മൂല്യം 2,50,100 കോടിയിലെത്തിയതായും 2025 ഡിസംബർ 31ൽ അവസാനിച്ച മൂന്നാം പാദത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നു. തങ്ങൾ കൈകാര്യം ചെയ്യുന്ന ആകെ വായ്പാ ആസ്തികളുടെ കാര്യത്തിൽ 1,64,000 കോടി രൂപ എന്ന നിർണായകമായ ഒരു നാഴികക്കല്ലു കടന്ന മികച്ച പ്രകടനമായിരുന്നു എന്ന് സാമ്പത്തിക ഫലങ്ങൾ പ്രഖ്യാപിച്ചു കൊ് മുത്തൂറ്റ് ഗ്രൂപ്പ് ചെയർമാൻ ജോർജ്ജ് ജേക്കബ് മുത്തൂറ്റ് പറഞ്ഞു.

ആഭ്യന്തര സാമ്പത്തിക പശ്ചാത്തലങ്ങളുടെ പിന്തുണ, കേന്ദ്ര ബജറ്റ് നൽകിയ മികച്ച ആത്മവിശ്വാസം റിസർവ് ബാങ്കിന്റെ നയങ്ങൾ തുടങ്ങിയവ ഈ നിർണായക വളർച്ചക്ക് സഹായകമായി. ഇവയ്ക്ക് പുറമെ ജിഎസ്ടി നിരക്കു കുറക്കൽ ഉപഭോഗത്തെ പിന്തുണക്കുന്നതിൽ നിർണായക പങ്കാണു വഹിച്ചത്. 7500ൽ ഏറെ ശാഖകളിലൂടെയുള്ള 50,000ത്തിൽ ഏറെ പ്രതിബദ്ധരായ ജീവനക്കാരുടെ സേവനം സുസ്ഥിരമായ പ്രകടനത്തിനു പിൻബലമായി എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കെ.വി.വി.ഇ.എസിൽ നിന്നും പുറത്താക്കി

**കൊച്ചി:** സംഘടന വിരുദ്ധ പ്രവർത്തനങ്ങളുടെ പേരിൽ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ കമ്മറ്റിയുടെ തീരുമാനപ്രകാരം കമറുദ്ദീൻ പള്ളുരുത്തി, കെ.എസ്.നിഷാദ് നെട്ടൂർ, അബ്ദുൾ അസ്സീസ് എം.എം.ടി, ഷാനവാസ് പള്ളുരുത്തി എന്നിവരെ പ്രാഥമിക അംഗത്വത്തിൽ നിന്നും പുറത്താക്കിയതായി ജില്ലാ പ്രസിഡന്റ് പി.സി.ജേക്കബ് അറിയിച്ചു.

യൂണിറ്റ്,നിയോജക മണ്ഡലം ഭാരവാഹികൾ ഇവരുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നിന്നും വിട്ടുനിൽക്കണമെന്ന് ജില്ലാ ജനറൽ സെക്രട്ടറി സി.എസ്.രാമചന്ദ്രൻ അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്: ലോകത്ത് പ്രതിവർഷം 3.5 കോടി ടൺ മത്സ്യം പാഴാകുന്നു

**പുതുച്ചേരി:** ലോകമെമ്പാടുമുള്ള സമുദ്രോൽപ്പന്ന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മ മൂലം ഓരോ വർഷവും 2.5 കോടി മുതൽ 3.5 കോടി ടൺ വരെ മത്സ്യം പാഴാകുന്നതായി റിപ്പോർട്ട്. ഐക്യരാഷ്ട്രസഭയുടെ ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷനും, ബേ ഓഫ് ബംഗാൾ പ്രോഗ്രാം ഇന്റർഗവൺമെന്റൽ ഓർഗനൈസേഷനും സംയുക്തമായി നടത്തിയ പഠനത്തിലാണ് കണ്ടെത്തൽ. പുതുച്ചേരിയിൽ നടന്ന 'മറൈൻ ഫിഷറീസ് വാല്യൂ ചെയിൻ' അന്താരാഷ്ട്ര ശില്പശാലയിലാണ് 2025-26 കാലയളവിൽ ഇന്ത്യയടക്കം 11 ഏഷ്യൻ രാജ്യങ്ങളിൽ നടത്തിയ പഠന റിപ്പോർട്ട് അവതരിപ്പിച്ചത്. ഏഷ്യൻ രാജ്യങ്ങളിൽ ലഭിക്കുന്ന ആകെ മത്സ്യത്തിന്റെ 20 മുതൽ 60 ശതമാനം വരെ വിപണന ശൃംഖലയുടെ വിവിധ ഘട്ടങ്ങളിലായി നശിച്ചുപോകുന്നു.

വികസ്വര രാജ്യങ്ങളിൽ ഇത് ശരാശരി 2035 ശതമാനമാണെങ്കിൽ ചിലയിടങ്ങളിൽ ഇത് 75 ശതമാനം വരെ ഉയരുന്നുണ്ട്.ഇത് മത്സ്യത്തൊഴിലാളികളുടെ വരുമാനത്തെയും രാജ്യങ്ങളുടെ പോഷകാഹാര സുരക്ഷയെയും സാരമായി ബാധിക്കുന്ന ഒരു 'നിശബ്ദ പ്രതിസന്ധി'യായി മാറുകയാണെന്ന് പഠനം ചൂണ്ടിക്കാട്ടുന്നു. ലാൻഡിംഗ് സൈറ്റുകളിലെ നഷ്ടം: ആകെ നഷ്ടത്തിന്റെ 43.5 ശതമാനവും സംഭവിക്കുന്നത് ഫിഷ് ലാൻഡിംഗ് സെന്ററുകളിലാണ്. ഐസ് സൗകര്യങ്ങളുടെ അഭാവവമാണ് ഇതിന് പ്രധാന കാരണം. ഇന്ത്യയിൽ ഉൽപ്പാദനത്തിനും മത്സ്യബന്ധനത്തിനും വലിയ തോതിൽ പൊതുനിക്ഷേപം നടക്കുന്നുണ്ടെങ്കിലും, പോസ്റ്റ്ഹാർവെസ്റ്റ് (ശേഖരണാനന്തര) മാനേജ്മെന്റ് വളരെ പിന്നിലാണെന്ന് ബി.ഒ.ബി.പി ഡയറക്ടർ ഡോ. പി. കൃഷ്ണൻ പറഞ്ഞു.

കോൾഡ് സ്റ്റോറേജ് സൗകര്യങ്ങളുടെ അഭാവം, ഐസ് പ്ലാന്റുകളുടെ കുറവ്, വിപണന ശൃംഖലയിലെ ഏകോപനമില്ലായ്മ എന്നിവ വിടവുകളായി തുടരുന്നു. മത്സ്യത്തൊഴിലാളികളെ വെറും 'വില സ്വീകരിക്കുന്നവർ' എന്ന നിലയിൽ നിന്ന് 'മൂല്യം നിശ്ചയിക്കുന്നവർ' എന്ന നിലയിലേക്ക് മാറ്റണമെന്നാണ് റിപ്പോർട്ട് ശുപാർശ ചെയ്യുന്നത്.

നോർവേ, ഐസ്ലൻഡ് തുടങ്ങിയ രാജ്യങ്ങൾ സാങ്കേതിക വിദ്യയിലൂടെ മത്സ്യനഷ്ടം 5 ശതമാനത്തിൽ താഴെയാക്കി കുറച്ചിട്ടുണ്ട്. ഇത് മാതൃകയാക്കി ഇന്ത്യയിലും ആധുനിക കോൾഡ് സ്റ്റോറേജുകൾ, ട്രെയ്സബിലിറ്റി സംവിധാനം, ബോട്ടുകളിൽ തന്നെ സംസ്കരണ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തണമെന്നും റിപ്പോർട്ട് ആവശ്യപ്പെടുന്നു. പുതുച്ചേരി സർക്കാർ, ബിഒബിപി, എഫ്എഒ, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് തുടങ്ങിയവയുടെ സഹകരണത്തോടെയാണ് അന്താരാഷ്ട്ര ശിൽപ്പശാല സംഘടിപ്പിച്ചത്.

# അതിർത്തികളും മുള്ളുവേലികളും; കാഴ്ചക്കാരെ ഈറനണിയിച്ച് യാസ്മിൻ ജഹാൻ നൂപുർ



**കൊച്ചി:** നാല് മുളങ്കാലുകളിൽ തീർത്ത പട്ടിക്കൂടിനേക്കാൾ ചെറുതായ മുള്ളുവേലി ചുറ്റിയ ഇടത്തിൽ നിന്ന് കീറിപ്പറിഞ്ഞ വസ്ത്രങ്ങളുമായി ഒരു സ്ത്രീ സഹായത്തിന് കൈനീട്ടുകയാണ്. കൊച്ചിമുസിരിസ് ബിനാലെ വേദിയായ ആസ്പിൻവാൾ ഹൗസിൽ ഇതു കണ്ട് നിൽക്കുന്നവരിൽ ഒരാൾ പോലും സഹായത്തിനെത്തുന്നില്ല. ഒടുവിൽ ഒരാൾ പോയി ആ കൈകളിൽ പിടിച്ചപ്പോൾ സമാധാനത്തിന്റെ ആലസ്യത്തോടെ ആ സ്ത്രീ മുള്ളുവേലിയിൽ ചാരിക്കിടന്നു. ബംഗ്ലാദേശി കലാകാരിയും കൊച്ചി മുസിരിസ് ബിനാലെയിലെ പാർട്ടിസിപ്പേറ്റിംഗ് ആർട്ടിസ്റ്റുമായ യാസ്മിൻ ജഹാൻ നൂപുറിന്റെ ദിടച്ച് എന്ന കലാപ്രകടനം കാണികളെ അക്ഷരാർഥത്തിൽ ഈറനണിയിച്ചു. അതിർത്തികൾ, അവിടെയുള്ള മുള്ളുവേലികൾ, നിരീക്ഷണ ക്യാമറകൾ എന്നിവയിലൂടെ മനുഷ്യർ കൂട്ടിലടയ്ക്കപ്പെട്ടിരിക്കുകയാണെന്നാണ് അവർ ഇതിലൂടെ പറയാനാഗ്രഹിക്കുന്നത്.

ബംഗ്ലാദേശിൽ നിന്നും ഇന്ത്യയിലേക്ക് മുള്ളുവേലി നൂണ്ട് എത്തിയാലും അകപ്പെടുന്നത് മറ്റൊരു മുള്ളുവേലിക്കൂട്ടിലാണെന്ന് യാസ്മിൻ പറഞ്ഞു. അതിർത്തികൾ എത്ര വിശാലമാണെങ്കിലും അതൊരു മുള്ളുകൂടാണ്. ഒരു മണിക്കൂർ നീണ്ടു നിന്ന പ്രകടനത്തിൽ യാസ്മിന്റെ ശരീരം മുഴുവൻ മുള്ളുവേലി കൊണ്ട് വരഞ്ഞു മുറിഞ്ഞിരുന്നു. ആദ്യമായാണ് ഈ കലാപ്രകടനം അവതരിപ്പിക്കുന്നതെന്നും അവർ പറഞ്ഞു. ചെരുപ്പിടാതെ, വെള്ള ഷർട്ടും കറുത്ത പാന്റും ധരിച്ചാണ് അവർ ഈ പ്രകടനം നടത്തിയത്. കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ പോലെ തന്നെയാണ് അതിർത്തികൾക്കുള്ളിൽ കഴിയുന്ന മനുഷ്യന്റെ മനസുമെന്ന് അവർ ചൂിക്കാട്ടി. കാണികളിൽ നിന്ന് കൂടുതൽ പേർ തന്നെ രക്ഷിക്കാനായി എത്തുമെന്നായിരുന്നു പ്രതീക്ഷയെന്ന് അവർ പറഞ്ഞു.

നിരവധി പേരുടെ മുഖത്ത് രക്ഷിക്കണെമെന്ന ആഗ്രഹമുായിരുന്നു. എന്നാൽ ഇതേ മാനസികാവസ്ഥ തന്നെയാണ് നിസ്സഹായരായ മനുഷ്യരുടെ കാര്യം വരുമ്പോൾ പൊതുജനത്തിന്റേതെന്നും അവർ ചൂണ്ടിക്കാട്ടി. അതിർത്തികൾക്കെതിരായാണ് യാസ്മീന്റെ കലാപ്രകടനങ്ങളെല്ലാം. ഇന്ത്യബംഗ്ലാദേശ് അതിർത്തിയിൽ ആറ് മണിക്കൂർ സമാധാനപതാകയുമേന്തി ശാന്തമായി നിന്നതാണ് അവരുടെ ഇതിനു മുമ്പുള്ള പ്രകടനകല.

ആറ് മണിക്കൂറിന് ശേഷം അതിർത്തിയുടെ വാതിലുകൾ തനിക്ക് മുന്നിൽ തുറന്നത് സമകാലീന കലയുടെ ശക്തിയായാണ് അവർ കണക്കാക്കുന്നത്.

ബിനാലെയിൽ 111 മർക്കസ് കഫെയിലാണ് യാസ്മിൻ ജഹാന്റെ ബ്ലാക്ക് ഗോൾഡ് എന്ന കലാസൃഷ്ടി പ്രദർശിപ്പിച്ചിരിക്കുന്നത്. നൂറ്റാണ്ടുകൾ നീ കുരുമുളകിന്റെ സാമ്പത്തിക രാഷ്ട്രീയ വിലയിരുത്തലുകൾ ആണ് അനാവരണം ചെയ്തിരിക്കുന്നത്.

# കേരളത്തിൽ 40 ാമത് സ്മാർട്ട്ഫോൺ സർവീസ് സെന്ററുമായി സാംസങ്



**ഇടപ്പള്ളി:** സാംസങ്, കേരളത്തിലെ തങ്ങളുടെ 40ാമത് എക്സ്ക്ലൂസീവ് സ്മാർട്ട് ഫോൺ സർവീസ് സെന്റർ ഉദ്ഘാടനം ചെയ്തു. എറണാകുളം ഇടപ്പള്ളിയിലെ ലുലു മാളിന് സമീപമായാണ് ഈ പ്രീമിയം സൗകര്യം ഒരുക്കിയിരിക്കുന്നത്. ഗാലക്സി സ്മാർട്ട്ഫോൺ ഉപയോക്താക്കൾക്ക് വേഗമേറിയതും സുതാര്യവും നിലവാരമുള്ളതുമായ സേവനങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെയാണ് സെന്റർ സജ്ജീകരിച്ചിരിക്കുന്നത്. ഇതോടെ കേരളത്തിലെ സാംസങ് സ്മാർട്ട് ഫോൺ സർവീസ് പോയിന്റുകളുടെ എണ്ണം 50 ആയി ഉയർന്നു. 40 എക്സ്ക്ലൂസീവ് സെന്ററുകളും, സാംസങ് എക്സ്പീരിയൻസ് സ്റ്റോറുകൾക്കുള്ളിലെ 10 സ്പെഷ്യൽ സെക്ഷനുകളും ഉൾപ്പെടെയാണിത്. രാജ്യവ്യാപകമായി 3,000ത്തിലധികം അംഗീകൃത സർവീസ് പോയിന്റുകളുള്ള സാംസങ്, ഉപഭോക്തൃ ഇലക്ട്രോണിക്സ് വിഭാഗത്തിലെ ഇന്ത്യയിലെ ഏറ്റവും വിപുലമായ സേവന ശൃംഖലകളിലൊന്നാണ്. പുതിയ തലമുറയിലെ ഡിജിറ്റൽ ഉപഭോക്താക്കളെയും, യുവ പ്രൊഫഷണലുകളെയും ലക്ഷ്യമിട്ട് ലൗഞ്ച് മാതൃകയിലാണ് ഇടപ്പള്ളിയിലെ ഈ സെന്റർ രൂപകൽപ്പന ചെയ്തിരിക്കുന്നത്. വയർലെസ് ചാർജിംഗ് സൗകര്യമുള്ള സീറ്റിംഗ് ഏരിയകൾ, പുതിയ ഗാലക്സി ഇന്നൊവേഷനുകൾ പ്രദർശിപ്പിക്കുന്ന ഡിജിറ്റൽ ഡിസ്പ്ലേകൾ, ഉൽപ്പന്നങ്ങളെക്കുറിച്ച് അറിയാൻ സഹായിക്കുന്ന കിയോസ്കുകൾ എന്നിവ ഇവിടെയുണ്ട്. ഓൺലൈൻ അപ്പോയിന്റ്മെന്റ് ബുക്കിംഗ് വഴി ഉപഭോക്താക്കൾക്ക് കാത്തിരിപ്പ് സമയം കുറയ്ക്കാനും സാധിക്കും. ഫോണിലെ തകരാറുകൾ കൃത്യമായി കണ്ടെത്താനും വേഗത്തിൽ പരിഹരിക്കാനും സഹായിക്കുന്ന അത്യാധുനിക ഡയഗ്നോസ്റ്റിക് സംവിധാനങ്ങൾ ഇവിടെയുണ്ട്. ഒമ്നിചാനൽ ഇന്റഗ്രേഷൻ വഴി ഉപഭോക്താവിന്റെ സർവീസ് ഹിസ്റ്ററിയും വാറന്റി വിവരങ്ങളും ഏത് പ്ലാറ്റ്ഫോമിലും ലഭ്യമാകും, ഇത് സേവനത്തിൽ കൂടുതൽ സുതാര്യത ഉറപ്പാക്കുന്നു.

കേരളം സാംസങ്ങിന്റെ ഏറ്റവും പ്രധാനപ്പെട്ട വിപണികളിലൊന്നാണ്. ഞങ്ങളുടെ 40ാമത് സെന്റർ തുറക്കുന്നത് ഉപഭോക്താക്കൾക്ക് ഞങ്ങളിലുള്ള വിശ്വാസത്തിന്റെ പ്രതിഫലനമാണ്. സാങ്കേതികവിദ്യ മാറുന്നതിനനുസരിച്ച് മികച്ച സേവനം നൽകാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് സാംസങ് ഇന്ത്യ കസ്റ്റമർ സാറ്റിസ്ഫാക്ഷൻ വിഭാഗം വൈസ് പ്രസിഡന്റ് സുനിൽ കുട്ടിൻഹ പറഞ്ഞു.

# കേരളം നിക്ഷേപ സൗഹൃദ സംസ്ഥാനമായി: മുഖ്യമന്ത്രി

**കൊച്ചി:** വ്യവസായ സൗഹൃദ സംസ്ഥാനം എന്നതിനുമപ്പുറം നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കളമശ്ശേരി കിൻഫ്ര ഹൈടെക് പാർക്കിൽ ഫോർസ വെയർഹൗസിംഗിനു കീഴിലുള്ള ഡ്രൈവർ ലോജിസ്റ്റിക്സിന്റെ വെയർ ഹൗസ് ഫെസിലിറ്റി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ദാവോസ് ഉച്ചകോടിയിൽ 1,18,000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് കേരളത്തിനു ലഭിച്ചത്. ഇവിടം വ്യവസായരംഗത്ത് ലോകശ്രദ്ധ ആകർഷിക്കുന്നതിന്റെ തെളിവാണ് ഇത്. നമ്മുടെ നാടിന്റെ ഒരുമയും ആളുകളുടെ ഐക്യവും പശ്ചാത്തല സൗകര്യവികസനവും പ്രകൃതിരമണീയതയും ഇന്ത്യക്കകത്തെയും പുറത്തെയും സംരംഭകരെ ആകർഷിക്കുന്നു. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ കേരളം തുടർച്ചയായി രാം വർഷവും ടോപ് അച്ചീവറായിരിക്കുന്നു .ഏതാനും ദിവസം മുൻപ് ആന്ധ്രപ്രദേശിലുള്ള വൻകിട ഗ്രൂപ്പ് കേരളത്തിലെത്തുകയും മൂന്നര ലക്ഷം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം നൽകുകയും ചെയ്തിരുന്നു. ഇത്തരമൊരു സംരംഭം കേരളത്തിൽ തുടങ്ങാൻ താൽപര്യപ്പെടുന്നതിന്റെ കാരണമെന്താണെന്ന് ചോദിച്ചപ്പോൾ ഇതുപോലെ സമാധാനമുള്ള സ്ഥലം വേറേയില്ലെന്നാണ് അവർ മറുപടി നൽകിയതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

വിമാനത്താവളവും മെട്രോ റെയിലും വാട്ടർ മെട്രോയും കെമിക്കൽ പാർക്കും ഇൻഫോ പാർക്കും എല്ലാം ചേർന്നുള്ള കൊച്ചിയുടെ വികസന ലക്ഷ്യങ്ങളുമായി ഇണങ്ങുന്നതാണ് ഇപ്പോൾ ഉദ്ഘാടനം ചെയ്യപ്പെട്ടിരിക്കുന്ന വെയർഹൗസിംഗ് സംരംഭം. ഇത്തരത്തിൽ ഓരോ വികസനത്തിനും അനുയോജ്യമായ അനുബന്ധ വികസനസംരംഭങ്ങളുമായി ലോകോത്തര കമ്പനികൾ കേരളത്തിലേക്ക് എത്തുകയാണ്. ഇത്തരത്തിൽ വികസനം വരുമ്പോൾ നാടിനും നാട്ടുകാർക്കും അതിന്റെ സന്തോഷമുാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. മുൻ മന്ത്രി പാലോളി മുഹമ്മദ് കുട്ടി അധ്യക്ഷത വഹിച്ചു. പി.വി. അബ്ദുൽ വഹാബ് എം.പി, കളമശ്ശേരി മുനിസിപ്പൽ ചെയർമാൻ ജമാൽ മണക്കാടൻ, കിൻഫ്ര എം.ഡി സന്തോഷ് കോശി തോമസ്,ഡ്രൈവർ ലോജിസ്റ്റിക്സ് ചെയർമാൻ ആഷിക് കൈനിക്കര, വിവധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പോഷക സമൃദ്ധമായ അരി വികസിപ്പിച്ച് സിഎസ്ഐആർ– എൻഐഐഎസ്ടി



**തിരുവനന്തപുരം:** പോഷക സമൃദ്ധമായ അരി വികസിപ്പിച്ച് കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തിന് കീഴിൽ തിരുവനന്തപുരത്തുള്ള സി.എസ് ഐ.ആർ-നാഷണൽ ഇൻസ്റ്റിറ്റിയൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി. പോഷകാഹാര സുരക്ഷയും ജീവിത ശൈലിയുമായി ബന്ധപ്പെട്ട ആരോഗ്യ വെല്ലുവിളികളും പരിഹരിക്കുന്നതാണ് സിഎസ്ഐആർ-എൻഐഐഎസ്ടി വികസിപ്പിച്ചെടുത്ത അരി. ഗ്ലൈസെമിക് സൂചിക കുറഞ്ഞ, സൂക്ഷ്മ പോഷകങ്ങളും, പ്രോട്ടീൻ സമ്പുഷ്ടവുമായ അരി ടൈപ്പ് 2 പ്രമേഹത്തെ നേരിടുന്നതിൽ ഇതിന് നിർണായക പങ്ക് ചെലുത്താനാകും. അരിയുടെ സാങ്കേതിക വിദ്യാ കൈമാറ്റം ഫെബ്രുവരി 18 ന് നടക്കും. ടാറ്റ കൺസ്യൂമർ പ്രോഡക്ട്സ് ലിമിറ്റഡിനും തമിഴ്നാട്ടിലെ എസ്എസ് സോൾ ഫുഡ്സിനും ഈ സാങ്കേതികവിദ്യ കൈമാറും.ന്യൂഡൽഹിയിലെ സിഎസ്ഐആർ ആസ്ഥാനമായ അനുസന്ധൻ ഭവനിൽ വൈകുന്നേരം മൂന്നു മണിക്ക് നടക്കുന്ന 'സിഎസ്ഐആർഎൻഐഐഎസ്ടി ടെക്കണക്ട്: ഫ്രം ലാബ് ടു മാർക്കറ്റ്' ചടങ്ങിൽ ഡിഎസ്ഐആർ സെക്രട്ടറിയും സിഎസ്ഐആർ ഡയറക്ടർ ജനറലുമായ ഡോ. എൻ. കലൈസെൽവി മുഖ്യാതിഥിയാകും. എൻആർഡിസി ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ കൊമോഡോർ അമിത് റസ്തോഗി (റിട്ട.), ടാറ്റ കൺസ്യൂമർ പ്രോഡക്ട്സിന്റെ ഗവേഷണ വികസന ഗ്ലോബൽ ഹെഡ് വികാസ് ഗുപ്ത എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുക്കും. വിളവെടുപ്പിനു ശേഷം പഴങ്ങൾക്കും പച്ചക്കറികൾക്കുമുള്ള ര് സാങ്കേതികവിദ്യകളും ചടങ്ങിൽ കൈമാറും. ഇതിൽ ഓസ്മോട്ടിക് ഡീഹൈഡ്രേറ്റഡ് ഫ്രൂട്ട് ബൈറ്റ്സും റെഡിടുകുക്ക് വെജിറ്റബിൾ മിക്സും ഉൾപ്പെടുന്നു, ഇവ രും റെഫ്രിജറേറ്റഡ് അഡോർപ്ഷൻ ഡീഹ്യൂമിഡിഫൈഡ് ഡ്രയർ സാങ്കേതികവിദ്യ ഉപയോഗിച്ച് വികസിപ്പിച്ചെടുത്തതാണ്. ഇത് പോഷകങ്ങൾ നിലനിർത്തൽ, സുദീർഘമായ ഷെൽഫ് ലൈഫ്, ഊർജ്ജ കാര്യക്ഷമമായ സംസ്കരണം എന്നിവ പ്രാപ്തമാക്കുന്നു. ദുർഗന്ധവും ഈച്ച ശല്യവുമില്ലാതെ വേഗത്തിലുള്ള കമ്പോസ്റ്റിംഗ് സാധ്യമാക്കുന്ന, എഞ്ചിനീയറിംഗ് ചെയ്ത മൈക്രോബയോമായ 'ജൈവം'ന്റെ കൈമാറ്റവും നടക്കും. ഈ സാങ്കേതികവിദ്യയ്ക്ക് ഇതിനകം നാല് വ്യാവസായിക ലൈസൻസുകൾ ലഭിച്ചു, കൂടാതെ കേരള സംസ്ഥാന ശുചിത്വ മിഷൻ അംഗീകാരവുമുണ്ട്. കാർഷിക ബയോമാസിൽ (കാക്കൂസ്) നിന്ന് ഉരുത്തിരിഞ്ഞ രണ്ട് സസ്യാധിഷ്ഠിത തുകൽ ബദൽ സാങ്കേതികവിദ്യകളും കൈമാറ്റം ചെയ്യപ്പെടും. പരിസ്ഥിതി സൗഹൃദ പ്രോട്ടോക്കോളുകളും നൂതന ഫിനിഷിംഗ് ടെക്നിക്കുകളും ഉപയോഗിച്ച് വികസിപ്പിച്ചെടുത്ത ഈ വസ്തുക്കൾ, കാർഷിക മാലിന്യ മൂല്യനിർണ്ണയവും സുസ്ഥിര ഉൽപ്പാദനവും പ്രാപ്തമാക്കുന്നതിനൊപ്പം മൃഗങ്ങളിൽ നിന്നെടുക്കുന്ന തുകലിന് സദൃശ്യവുമാണ്. കുറഞ്ഞ സോഡിയം ഉപ്പ് ഫോർമുലേഷനുകളുടെ വികസനവും ഉപ്പ് ക്രിസ്റ്റലുകളുടെ എലമെന്റൽ ഇമേജിംഗും സംബന്ധിച്ച പ്രോജക്ടിന്റെ ധാരണാപത്രത്തിൽ ഒപ്പുവയ്ക്കലും ചടങ്ങിൽ നടക്കും. ഉയർന്ന രക്തസമ്മർദ്ദം, ഹൃദയ സംബന്ധമായ അസുഖങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പൊതുജനാരോഗ്യ ആശങ്കകൾ പരിഹരിക്കുന്നതിനൊപ്പം, ഉപ്പിന്റെ അളവ് 86% വരെ കുറയ്ക്കാനും കഴിയുന്ന ഡിസൈനർ ഹോളോ സാൾട്ട് ക്രിസ്റ്റലുകൾ സിഎസ്ഐആർ-എൻഐഐഎസ്ടി വികസിപ്പിക്കുന്നു. കൈമാറ്റം ചെയ്യപ്പെടുന്ന മറ്റ് സാങ്കേതികവിദ്യകളിൽ സിഎസ്ഐആർ-എൻഐഐഎസ്ടി വികസിപ്പിച്ചെടുത്ത തദ്ദേശീയ കോഫി ക്രീമ സാങ്കേതികവിദ്യയും ഉൾപ്പെടുന്നു, ഇത് സ്ഥിരതയുള്ളതും ദീർഘകാലം നിലനിൽക്കുന്നതുമായ ഫോം രൂപീകരണം സാധ്യമാക്കുന്നു. ഇത് കാപ്പിയുടെ സുഗന്ധത്തിലും മികച്ച രുചിക്കും ഒരു പ്രധാന ഘടകമാണ്. വളർന്നുവരുന്ന കാപ്പി, പാനീയ വ്യവസായത്തിന് അവസരങ്ങൾ നൽകുന്നുവെന്ന് അധികൃതർ വ്യക്തമാക്കി

## കുടുംബപ്രേക്ഷകർ നെഞ്ചിലേറ്റിയ 'വാവാച്ചൻ'; ഹൃദയം തൊടുന്ന അനുഭവമായി കൂടോത്രം




**കൊച്ചി:**ഒരു സാധാരണ അച്ഛന്റെ മൗന സ്നേഹവും ത്യാഗവും കണ്ണീരിലൂടെ സംസാരിക്കുന്ന വേദനയും അതാണ് 'വാവാച്ചൻ'. റിലീസിന് പിന്നാലെ കുടുംബപ്രേക്ഷകരുടെ ഹൃദയം കീഴടക്കി മുന്നേറുകയാണ് കൂടോത്രം. എന്നാൽ സിനിമയുടെ വിജയത്തിന് പിന്നിൽ ഏറ്റവും വലിയ ശക്തിയായി മാറിയത് ഈ കഥാപാത്രമാണ്. തിരശ്ശീലയിൽ വാവാച്ചൻ ജീവിച്ചപ്പോൾ, നിരവധി അച്ഛന്മാരുടെയും കുടുംബങ്ങളുടെയും ജീവിതകഥകളാണ് പ്രേക്ഷകർക്ക് മുന്നിൽ തെളിഞ്ഞത്.

ചിത്രത്തിലെ കേന്ദ്രകഥാപാത്രമായ വാവാച്ചനെ മലയാളി പ്രേക്ഷകർ സ്വന്തം വീട്ടിലെ ഒരാളായി സ്വീകരിച്ചതിന്റെ സന്തോഷം പങ്കുവെക്കാൻ അണിയറപ്രവർത്തകർ എറണാകുളം പ്രസ് ക്ലബ്ബിൽ ഒത്തുചേർന്നു. നായകനും സംവിധായകനുമായ ബൈജു എഴുപുന്ന, നിർമ്മാതാവ് റെജി, അഭിനേതാക്കളായ ഡിനോയ് പൗലോസ്, റേച്ചൽ വർഗീസ്, ദിയ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

36 വർഷത്തെ അഭിനയജീവിതത്തിൽ അനവധി വേഷങ്ങൾ ചെയ്തിട്ടുങ്കിലും വാവാച്ചനെ പോലെ ഹൃദയത്തിൽ തൊടുന്ന കഥാപാത്രം അപൂർവ്വമാണെന്ന് ബൈജു എഴുപുന്ന പറഞ്ഞു. 'സിനിമ കണ്ടിറങ്ങുന്ന അച്ഛന്മാർ കണ്ണ് നിറഞ്ഞ് വിളിക്കുന്നു. 'വാവാച്ചൻ ഞാനാണ്' എന്ന് അവർ പറയുമ്പോൾ അതൊരു നടനെന്ന നിലയിൽ എനിക്ക് ലഭിക്കുന്ന ഏറ്റവും വലിയ അംഗീകാരമാണെന്ന് ബൈജു എഴുപുന്ന പറഞ്ഞു. അച്ഛൻ-മകൾ ബന്ധത്തിന്റെ തീവ്രതയും ഒരു സാധാരണ ഗ്രാമീണ മനുഷ്യന്റെ ആത്മാഭിമാനവും സ്നേഹവും വാവാച്ചനിലൂടെ ശക്തമായി പ്രകടമാകുന്നു. വാവാച്ചന്റെ സങ്കടം പ്രേക്ഷകർക്ക് സ്വന്തം സങ്കടമായി തോന്നുന്നതും, അവന്റെ മൗനം പോലും പല കുടുംബങ്ങളുടെ യാഥാർത്ഥ്യങ്ങളെ ഓർമ്മിപ്പിക്കുന്നതുമാണ് സിനിമയെ വ്യത്യസ്തമാക്കുന്നത്. അതുകൊുതന്നെ 'കൂടോത്രം' ഒരു സിനിമയായി മാത്രം നിൽക്കാതെ, ഒരു കുടുംബാനുഭവമായി മാറുകയാണ്. തുടക്കത്തിൽ തിയേറ്ററുകളിൽ തിരക്ക് കുറവായിരുന്നെങ്കിലും മൗത്ത് പബ്ലിസിറ്റിയിലൂടെ ഇപ്പോൾ കുടുംബപ്രേക്ഷകർ തിയറ്ററുകളിലേക്ക് എത്തുന്നുണ്ട്. ചിത്രം കാണാതെ ചിലർ നടത്തിയ റിവ്യു ശ്രദ്ധയിൽപ്പെട്ടിരുന്നു. അത്തരം റിവ്യുകൾ സിനിമയെ നശിപ്പിക്കുകയേയുള്ളു മറിച്ച് സിനിമ കണ്ടിട്ട് റിവ്യു തയ്യാറാക്കുന്നതിൽ തങ്ങൾ എതിരല്ല. കൂടോത്രം എന്ന സിനിമ കണ്ട പ്രേക്ഷകർ ഒന്നടങ്കം നല്ല അഭിപ്രായമാണ് പങ്കുവെയ്ക്കുന്നത്.

അതാണ് ഈ സിനിമയുടെ കരുത്തെന്നും ബൈജു എഴുപുന്ന പറഞ്ഞു. ഈ ചിത്രം തമിഴിൽ ചെയ്യണ്ണെന്നാവശ്യപ്പെട്ട് ത്മിഴനാട്ടിൽ നിന്നും പലരും സമീപിച്ചിട്ടുണ്ട്. അതിന്റെ ചർച്ചകൾ നടന്നു വരികയാണെന്നും ചിത്രം തമിഴിലും ഇറക്കുമെന്നും ബൈജു എഴുപുന്ന പറഞ്ഞു.

